**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 79** **10.06.2013 ൽ മറുപടിയ്ക്ക്**

**അരൂരിൽ പള്ളി നിർമ്മാണത്തിനിടയിൽ തകർച്ച സംഭവിച്ച് മരണപ്പെട്ടവർക്കും പരിക്കുപറ്റിയവർക്കുമുള്ള ധനസഹായം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരിഫ്: | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| (എ) അരൂരിൽ പള്ളി നിർമ്മാണത്തിനിടയിൽ തകർച്ച സംഭവിച്ച് എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്; | (എ) അരൂർ സെന്റ് അഗസ്റ്റിൻ പള്ളി നിർമ്മാണത്തിനിടയിൽ തകർന്ന് വീണ് 2 പേർ മരണപ്പെട്ടിട്ടുള്ളതും, 15 പേർക്ക് പരിക്കേൽക്കുകയും 5 പേർക്ക് നാമമാത്രമായ പരിക്കുകളോടെ രക്ഷപ്പെടുകയും ചെയ്തിട്ടുള്ളതാണ്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ജി.ഒ(എം.എസ്)148/13/റവ തീയതി:23.4.2013 പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. മാത്രമല്ല പരിക്കുപറ്റി ചികിത്സയിൽ കഴിയുന്നവരുടെ ചികിത്സാചെലവ് വഹിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായവും പരിക്ക്പറ്റിയവർക്ക് ചികിത്സാ സഹായവും സംബന്ധിച്ച് അരൂർ എം.എൽ.എ. നൽകിയ സബ്മിഷന് മറുപടിയായി മരിച്ചവർക്ക് 2 ലക്ഷം രൂപ വീതവും പരിക്ക് പറ്റിയവർക്ക് ഹോസ്പിറ്റൽ ബിൽ പ്രകാരമുള്ള ചികിത്സാ ചെലവും നൽകുമെന്ന ഉറപ്പ് പാലിക്കപ്പെടാൻ കഴിഞ്ഞിട്ടില്ലാ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ബാധകമല്ല |
| (സി) പ്രസ്തുത വിഷയം സംബന്ധിച്ച് പുറത്ത് വന്ന ഉത്തരവിലെ അപാകതകൾ പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ.